ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1001

# സൂറ – 30 / അർറൂം

## സൂക്തം: 52 – 55

പ്രവാചകന്റെ കാലത്ത് എണ്ണമറ്റ സ്വഹാബികൾ മരിച്ചുപോയിട്ടുണ്ട്. അവരിൽ പലരും നബിയോട് ഉറ്റബന്ധമുള്ളവരായിരുന്നു. നബിയുടെ പിതൃവ്യൻ ഹംസ ഉൾപ്പെടെ അനേകം പേർ ദീനിനു വേണ്ടി രക്തസാക്ഷികളായവരാണ്. രക്തസാക്ഷികൾ അല്ലാഹുവിങ്കൽ ജീവിച്ചിരിക്കുന്നു എന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. എന്നിട്ടും മരിച്ചുപോയ സ്വഹാബികളിലാരെയെങ്കിലും വിളിച്ച് നബി(സ) സംസാരിച്ചതായി ചരിത്രമില്ല. മരിച്ചുപോയവരെ കേൾപ്പിക്കാൻ കഴിയുമെങ്കിൽ നബി(സ) ആദ്യം വിളിച്ചു സംസാരിക്കുമായിരുന്നത് തന്റെ പ്രിയ ശിഷ്യന്മാരോടായിരുന്നില്ലേ?

فَإِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ ﴿٥٢﴾

وَمَا أَنتَ بِهَادِ الْعُمْيِ عَن ضَلَالَتِهِمْ ۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِآيَاتِنَا فَهُم مُّسْلِمُونَ ﴿٥٣﴾

52. എന്നാൽ പ്രവാചകാ, മരിച്ചവരെ ഈ സത്യസന്ദേശം കേൾപ്പിക്കാൻ നിനക്കാവില്ല. പുറംതിരിഞ്ഞു പോകുന്ന ബധിരരെ വിളികേൾപ്പിക്കാനും കഴിയില്ല.

53. അന്ധന്മാരെ അവരുടെ വഴികേടിൽനിന്ന് നേർവഴിക്കു നയിക്കാനും നിനക്കാവില്ല. ദൈവികദൃഷ്ടാന്തങ്ങളെ അംഗീകരിക്കുന്നവരെയല്ലാതെ നിനക്ക് ഈ സന്ദേശം കേൾപ്പിക്കാൻ കഴിയില്ല. അവർ തന്നെയാകുന്നു മുസ്‌ലിംകളാകുന്നവർ.

**52–53**

فَإِنَّكَ = (എന്നാൽ പ്രവാചകാ) നീ

لَا تُسْمِعُ الْمَوْتَىٰ = (ഈ സത്യസന്ദേശം) മരിച്ചവരെ നീ കേൾപ്പിക്കുന്നില്ല (കേൾപ്പിക്കാൻ നിനക്കാവില്ല)

وَلَا تُسْمِعُ الصُّمَّ الدُّعَاءَ = ബധിരരെ നീ വിളി കേൾപ്പിക്കുന്നുമില്ല (കേൾപ്പിക്കാനും നിനക്ക് കഴിയില്ല)

إِذَا وَلَّوْا مُدْبِرِينَ = അവർ പുറംതിരിഞ്ഞു പോകു(ന്ന)മ്പോൾ

وَمَا أَنتَ بِهَادِ الْعُمْيِ = അന്ധന്മാരെ നീ നേർവഴിക്കു നയിക്കുന്നവനുമല്ല (നയിക്കാനും നിനക്കാവില്ല)

عَن ضَلَالَتِهِمْ ۖ = അവരുടെ വഴികേടിൽനിന്ന്

إِن تُسْمِعُ = നീ കേൾപ്പിക്കുന്നില്ല (നിനക്ക് കേൾപ്പിക്കാൻ കഴിയില്ല)

إِلَّا مَن يُؤْمِنُ بِآيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങൾ വിശ്വസിക്കുന്ന(അംഗീകരിക്കുന്ന)വരെയല്ലാതെ

فَهُم مُّسْلِمُونَ = അവർ തന്നെയാകുന്നു മുസ്‌ലിംകൾ (ആകുന്നവർ)

മുകളിൽ വിശദീകരിച്ച തെളിവുകളും ദൃഷ്ടാന്തങ്ങളും ശ്രദ്ധിക്കാനോ അതേക്കുറിച്ച് ആലോചിക്കാനോ കൂട്ടാക്കാതെ പൂർവികമായ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പാറ പോലെ ഉറച്ചുനിൽക്കുന്നവർ സത്യപ്രബോധനത്തെ സംബന്ധിച്ചേടത്തോളം ബുദ്ധിപരമായും ആത്മീയമായും മരിച്ചവരാണ്. മരിച്ചവരെ ആർക്കും ഒന്നും കേൾപ്പിക്കാനാവില്ലല്ലോ. അവരെ സന്മാർഗത്തിലേക്ക് നയിക്കാനും കഴിയില്ല. ഇവിടെ 'നീ' എന്നു സംബോധന ചെയ്യുന്നത് മുഹമ്മദ് നബിയെയാണ്. അദ്ദേഹത്തിനു പോലും കഴിയില്ലെങ്കിൽ മറ്റു പ്രബോധകരുടെ കാര്യം ഊഹിക്കാ

വുന്നതേയുള്ളൂ. തങ്ങൾ പിന്തുടർന്നുവരുന്നതു മാത്രമാണ് ശരി, അതിനപ്പുറം ആരിൽനിന്നും ഒന്നും പഠിക്കേണ്ടതില്ല. അതിനപ്പുറം പറയുന്നവരൊക്കെ വഴിപിഴച്ചവരോ വ്യാജന്മാരോ ആണ് എന്ന് കരുതുന്നവർ ബുദ്ധിപരമായി ബധിരരാണ്. സാധാരണ ബധിരർക്ക് വക്താവിന്റെ അധര ചലനങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും അയാളുടെ ഉദ്ദേശ്യം കുറച്ചൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞേക്കാം. അതിനു പക്ഷേ ആ ബധിരൻ വക്താവിനെ അഭിമുഖീകരിക്കാൻ മുന്നോട്ടുവരണം. അതിനു കൂട്ടാക്കാതെ പുറംതിരിഞ്ഞുപോകുന്ന ബധിരരെ ഒരു വിധത്തിലും വിളികേൾപ്പിക്കാനാവില്ല. ഇതാണ് وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ എന്ന വാക്യത്തിന്റെ താൽപര്യം. ഇത്തരക്കാർ ബധിരർ മാത്രമല്ല അന്ധരുമാണ്. അന്ധത കണ്ണിനല്ല; മനസ്സിനാണ്. فَإِنَّهَا لَا تَعْمَى الْأَبْصَارُ وَلَٰكِن تَعْمَى الْقُلُوبُ الَّتِي فِي الصُّدُورِ (ഈ അന്ധത കണ്ണുകൾക്കല്ല, പ്രത്യുത നെഞ്ചകത്തുള്ള ഹൃദയങ്ങൾക്കാണ്- 22:46). കണ്ണുകാണാത്തവരെ കൈപിടിച്ചു നേർവഴിക്ക് നയിക്കാം, മനക്കണ്ണില്ലാത്തവർ കൈപിടിച്ചാലും നേർവഴിക്ക് വരില്ല.

ഭൗതിക ലോകത്തെ ഉപരിപ്ലവമായി മാത്രം നോക്കിക്കാണാതെ ആന്തരാർഥങ്ങളിലേക്കിറങ്ങിച്ചെന്ന് മനക്കണ്ണുകൊണ്ടു കൂടി നോക്കിക്കാണുകയും ദൈവത്തിന്റെ ആസ്തിക്യവും കഴിവും കാരുണ്യവും വിളിച്ചോതിക്കൊണ്ട് ചുറ്റും നിറഞ്ഞു തുളുമ്പുന്ന ദൃഷ്ടാന്തങ്ങളെയും പ്രവാചകൻ പ്രബോധനം ചെയ്യുന്ന ദൈവിക സൂക്തങ്ങളെയും അംഗീകരിക്കുകയും ചെയ്യുന്നവരിൽ മാത്രമേ സത്യപ്രബോധനം ഫലപ്രദമാകൂ. അവരാണ് ബുദ്ധിപരമായും ആത്മീയമായും കേൾക്കുകയും കാണുകയും ചെയ്യുന്ന ജീവനുള്ള മനുഷ്യർ. ജീവിതം ദൈവത്തിനു സമർപ്പിച്ചുകൊണ്ട് മുസ്‌ലിമാകുന്നവരും അവരാകുന്നു. അവർക്കു വേണ്ടിയാണ് പ്രവാചകന്മാർ ആഗതരാകുന്നതും വേദോപദേശം നൽകുന്നതും. لِّيُنذِرَ مَن كَانَ حَيًّا وَيَحِقَّ الْقَوْلُ عَلَى الْكَافِرِينَ (ജീവനുള്ളവർക്ക് മുന്നറിയിപ്പ് നൽകാനും സത്യധർമങ്ങൾ നിഷേധിച്ചവരുടെ മേൽ ദൈവിക വചനം പുലരാനും- 36:70). ഇപ്പറഞ്ഞ ആന്തരിക ജീവനുള്ളവരെയാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്; يَا أَيُّهَا الَّذِينَ آمَنُوا اسْتَجِيبُوا لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمْ لِمَا يُحْيِيكُمْ (അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിന്റെയും ദൈവദൂതന്റെയും വിളിക്കുത്തരം നൽകുവിൻ; അദ്ദേഹം നിങ്ങളെ ജീവദായകമായതിലേക്ക് വിളിക്കുമ്പോൾ- 8:24).

മനുഷ്യന് രണ്ടുതരം ജീവനുണ്ട്. ശാരീരിക ജീവനും ആത്മീയ ജീവനും. തിര്യക്കുകൾക്ക് ശാരീരിക ജീവൻ മാത്രമേയുള്ളൂ. ആത്മീയ ജീവനില്ലെങ്കിൽ മനുഷ്യൻ ഇതര ജന്തുക്കൾക്ക് തുല്യനാകുന്നു.

لَهُمْ قُلُوبٌ لَّا يَفْقَهُونَ بِهَا وَلَهُمْ أَعْيُنٌ لَّا يُبْصِرُونَ بِهَا وَلَهُمْ آذَانٌ لَّا يَسْمَعُونَ بِهَا أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ

(അവർക്ക് മനസ്സുകളുണ്ട്; അത് കൊണ്ടവർ മനസ്സിലാക്കുന്നില്ല. കണ്ണുകളുണ്ട്, അതുകൊണ്ട് കാണുന്നില്ല. ചെവികളുണ്ട്, അതുകൊണ്ട് കേൾക്കുന്നില്ല. കേവലം കാലികളെപ്പോലെയാണവർ. അല്ല അവരാണധികം പിഴച്ചവർ-7:179).

പ്രവാചക സന്ദേശം ശ്രദ്ധിച്ചു കേൾക്കാനോ അതേക്കുറിച്ച് ചിന്തിക്കാനോ കൂട്ടാക്കാതെ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ശഠിച്ചുനിൽക്കുന്നവരെയാണല്ലോ ഈ സൂക്തങ്ങൾ മരിച്ചവരോട് ഉപമിച്ചിരിക്കുന്നത്. ഉപമകളിൽ, ഏതു കാര്യത്തിലാണോ ഉപമിക്കുന്നത് അക്കാര്യത്തിൽ ഉപമാനം ഉപമേയത്തേക്കാൾ ശക്തമായിരിക്കണം. ഇല്ലെങ്കിൽ ഉപമാലങ്കാരം ആഭാസമാകും. സൂര്യനെ നല്ല പ്രകാശമുള്ള ടോർച്ച് ലൈറ്റിനോട് ഉപമിക്കുന്നത് അലങ്കാരാഭാസമാകുന്നു, മറിച്ചാണെങ്കിൽ ഉപമാലങ്കാരവും. കേൾവിയുടെയും കാഴ്ചയുടെയും കാര്യത്തിൽ യഥാർഥ മൃതാവസ്ഥ, ബുദ്ധിപരവും ആത്മീയവുമായ നിർജീവതയേക്കാൾ കടുപ്പമേറിയതായതുകൊണ്ടാണ് മൂഢ ജനങ്ങളെ മരിച്ചവരോട് ഉപമിച്ചത്. മരിച്ചുപോയവർ ജീവിച്ചിരിക്കുന്നവരെ കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ടെങ്കിൽ -نعوذ بالله- ഈ ഉപമ തെറ്റാണെന്നുവരും.

മരിച്ചവരെ നിനക്കു കേൾപ്പിക്കാനാവില്ല - فَإِنَّكَ لَا تُسْمِعُ الْمَوْتَىٰ- എന്ന് അല്ലാഹു പറയുന്നത് അവന്റെ ദൂതനോടാണ്. അന്ത്യപ്രവാചകനായ മുഹമ്മദ് നബിക്കു പോലും കഴിയാത്ത കാര്യം മറ്റുള്ളവർക്ക് കഴിയില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. وَمَا أَنتَ بِمُسْمِعٍ مَّن فِي الْقُبُورِ (ഖബ്‌റിലുള്ളവരെ നിനക്ക് കേൾപ്പിക്കാനാവില്ല - 35:22) എന്നുതന്നെ ഒരിടത്തു പറഞ്ഞിരിക്കുന്നു. എന്നിട്ടും മുസ്‌ലിംകളിൽ ചിലർ മരിച്ചവർ ജീവിച്ചിരിക്കുന്നവരെ കേൾക്കുകയും കാണുകയും ചെയ്യുമെന്നും മൺമറഞ്ഞ പുണ്യാത്മാക്കളെ വിളിച്ചു പ്രാർഥിച്ചാൽ അവരത് കേട്ട് ആഗ്രഹങ്ങൾ സാധിച്ചുതരുമെന്നും ആപത്തുകളിൽനിന്ന് രക്ഷിക്കുമെന്നും വിശ്വസിക്കുന്നുണ്ട്.

ഈ അന്ധവിശ്വാസത്തിന് പ്രമാണമായി ഉന്നയിക്കപ്പെടുന്നത് ഹദീസ് പണ്ഡിതന്മാർ ഉദ്ധരിക്കുന്ന ഒരു സംഭവമാണ്. ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ട പ്രമുഖരായ ശത്രുഭടന്മാർ, അവിടെയുള്ള ഒരു കിണറ്റിൽ തള്ളപ്പെട്ടിരുന്നു. യുദ്ധം കഴിഞ്ഞ് മൂന്നാം നാൾ നബി (സ) ആ കിണറിനടുത്തു ചെന്ന് ഓ ഉമയ്യത്തുബ്നു ഖലഫ്, ഓ അബൂജഹ്ൽ, ഓ ഉത്ബ എന്നിങ്ങനെ അവരിലോരോരുത്തരെയും പേര് ചൊല്ലി വിളിച്ചുകൊണ്ട് പറഞ്ഞു: ''നിങ്ങളുടെ നാഥൻ വാഗ്ദത്തം ചെയ്തത് നിങ്ങൾക്ക് ലഭിച്ചുവോ?'' ഇതു കേട്ട ഉമർ (റ) ചോദിച്ചു: ''തിരുദൂതരേ, മരിച്ച് മൂന്ന് ദിവസത്തിനു ശേഷമാണല്ലോ അങ്ങ് അവരെ വിളിക്കുന്നത്. അവരത് കേൾക്കുമോ? إِنَّكَ لَا تُسْمِعُ الْمَوْتَىٰ എന്നാണല്ലോ അല്ലാഹു പറയുന്നത്?'' പ്രവാചകന്റെ മറുപടി ഇതായിരുന്നു: ''എന്റെ ആത്മാവ് ആരുടെ നിയന്ത്രണത്തിലാണോ അവനാണ, അവരേക്കാൾ ഏറെ നിങ്ങൾ കേൾക്കുന്നില്ല. പക്ഷേ, അവർക്ക് മറുപടി പറയാനാവില്ല.''

ഈ നിവേദനത്തിന്റെ ഉദ്ധരണ പരമ്പര-سند- സാധുവാണെങ്കിൽ പോലും പല കാരണങ്ങളാൽ ആശയം മുഖവിലക്കെടുത്തുകൂടാ: 1). അത് ഖുർആനിന്റെ സുവ്യക്തമായ പ്രസ്താവനക്ക് വിരുദ്ധമാണ്. ഖുർആനും ഹദീസും പരസ്പരവിരുദ്ധമായി വരുമ്പോൾ ഖുർആനാണ് സ്വീകരിക്കേണ്ടത്. 2). മരിച്ചവർ ജീവിച്ചിരിക്കുന്നവരിൽ നിന്ന് കേൾക്കുകയും കാണുകയും ചെയ്യുക എന്നത് ഒരു വിശ്വാസപരമായ കാര്യമാകുന്നു. വിശ്വാസപരമായ കാര്യങ്ങൾ സ്ഥാപിതമാകാൻ മുതവാതിർ- അനിഷേധ്യമാംവണ്ണം നിരവധി നിവേദകരിലൂടെ ഉദ്ധരിക്കപ്പെട്ടത്- അല്ലാത്ത നിവേദനം അപര്യാപ്തമാകുന്നു. 3). ബുഖാരിയും മുസ്‌ലിമും നസാഈയും ഇബ്നു അബീഹാതിമും ഇബ്നു മർദവൈഹിയും ഉദ്ധരിച്ച നിവേദനത്തിൽ ഇങ്ങനെ

കാണാം: ഈ സംഭവം ആഇശ(റ)യെ കേൾപ്പിച്ചപ്പോൾ അവർ പറഞ്ഞു: ''ഞാൻ അവരോട് പറഞ്ഞതു തന്നെയാണ് സത്യമെന്ന് ഇപ്പോൾ അവർ അറിയുന്നു. انهم الآن لَيَعْلَمُون - എന്നു മാത്രമാണ് നബി(സ) പറഞ്ഞത്. തുടർന്നവർ إِنَّكَ لَا تُسْمِعُ الْمَوْتَىٰ എന്ന സൂക്തം ഓതുകയും ചെയ്തു. 4). ഇതേ സംഭവത്തെക്കുറിച്ച് ഇബ്നു അബ്ബാസി(റ)ൽനിന്ന് ഉദ്ധരിക്കപ്പെട്ട ഒരു പ്രസ്താവന ഇപ്രകാരമാകുന്നു: നബി (സ) ബദ്റുകാരെ (ബദ്റിൽ കൊല്ലപ്പെട്ട ശത്രുഭടന്മാരെ) വിളിച്ചതിനെക്കുറിച്ചാണ് .....إِنَّكَ لَا تُسْمِعُ الْمَوْتَىٰ എന്ന സൂക്തം അവതരിച്ചത്. 5). ഇമാം ഖതാദ സംഭവം വിശദീകരിക്കുന്നതിങ്ങനെ: ''അവർക്കൊരു ഭർത്സനവും നിന്ദയും പ്രതികാരവും നെടുംഖേദവുമായി പ്രവാചകന്റെ വാക്കുകൾ കേൾക്കാൻ അല്ലാഹു അപ്പോൾ അവരെ ജീവിപ്പിച്ചതായിരുന്നു.''

സ്വഹാബികളിലെ മഹാ പണ്ഡിതരെന്ന് പുകൾപെറ്റ ആഇശ(റ), ഇബ്നു അബ്ബാസ് (റ) തുടങ്ങിയവർ ബദ്റിൽ കൊല്ലപ്പെട്ടവരോടുള്ള നബി(സ)യുടെ സംസാരത്തെ മുഖവിലക്കെടുത്തില്ലെന്ന് ഈ നിവേദനങ്ങൾ വ്യക്തമാക്കുന്നു. പ്രവാചകന്റെ കാലത്ത് എണ്ണമറ്റ സ്വഹാബികൾ മരിച്ചുപോയിട്ടുണ്ട്. അവരിൽ പലരും നബിയോട് ഉറ്റബന്ധമുള്ളവരായിരുന്നു. നബിയുടെ പിതൃവ്യൻ ഹംസ ഉൾപ്പെടെ അനേകം പേർ ദീനിനു വേണ്ടി രക്തസാക്ഷികളായവരാണ്. രക്തസാക്ഷികൾ അല്ലാഹുവിങ്കൽ ജീവിച്ചിരിക്കുന്നു എന്ന് ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. എന്നിട്ടും മരിച്ചുപോയ സ്വഹാബികളിലാരെയെങ്കിലും വിളിച്ച് നബി(സ) സംസാരിച്ചതായി ചരിത്രമില്ല. മരിച്ചുപോയവരെ കേൾപ്പിക്കാൻ കഴിയുമെങ്കിൽ നബി(സ) ആദ്യം വിളിച്ചു സംസാരിക്കുമായിരുന്നത് തന്റെ പ്രിയ ശിഷ്യന്മാരോടായിരുന്നില്ലേ? ●

---

اللَّهُ الَّذِي خَلَقَكُم مِّن ضَعْفٍ ثُمَّ جَعَلَ مِن بَعْدِ ضَعْفٍ قُوَّةً ثُمَّ جَعَلَ مِن بَعْدِ قُوَّةٍ ضَعْفًا وَشَيْبَةً ۚ يَخْلُقُ مَا يَشَاءُ ۖ وَهُوَ الْعَلِيمُ الْقَدِيرُ ﴿٥٤﴾

54. തീരെ ബലഹീനമായ അവസ്ഥയിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചത് അല്ലാഹുവാകുന്നു. എന്നിട്ട് ആ ബലഹീനാവസ്ഥക്കു ശേഷം ബലിഷ്ഠരാക്കി. പിന്നെ ആ ബലിഷ്ഠാവസ്ഥക്കു ശേഷം അവശതയും നരയുമുണ്ടാക്കി. അവനിഛിക്കുന്നത് സൃഷ്ടിക്കുന്നു. അവൻ എല്ലാം അറിയുന്നവനും എന്തിനും കഴിവുള്ളവനുമല്ലോ.

**54**

اللَّهُ الَّذِي خَلَقَكُم = നിങ്ങളെ സൃഷ്ടിച്ച(ത്)വനാകുന്നു അല്ലാഹു

مِّن ضَعْفٍ = തീരെ ബലഹീനത(നമായ അവസ്ഥ)യിൽനിന്ന്

ثُمَّ جَعَلَ مِن بَعْدِ ضَعْفٍ = എന്നിട്ട് (ആ) ബലഹീനത(നാവസ്ഥ)ക്കു ശേഷം അവൻ ആക്കി

قُوَّةً = ശക്തിയെ(ബലിഷ്ഠർ) ثُمَّ جَعَلَ مِن بَعْدِ قُوَّةٍ = പിന്നെ ആ ശക്തി(ബലിഷ്ഠാവസ്ഥ)ക്കു ശേഷം ഉണ്ടാക്കി

ضَعْفًا وَشَيْبَةً = അവശതയെയും നരയെയും يَخْلُقُ مَا يَشَاءُ = അവനിഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു

وَهُوَ الْعَلِيمُ الْقَدِيرُ = അവൻ എല്ലാം അറിയുന്നവനും എന്തിനും കഴിവുള്ളവനുമാകുന്നു

അല്ലാഹുവിന്റെ ഏകത്വത്തിന്റെയും മനുഷ്യന്റെ മരണാനന്തര ജീവിതത്തിന്റെയും പ്രബലമായ ദൃഷ്ടാന്തമായി *സൂറഃ അൽ ഹജ്ജ്* 5, *അൽമുഅ്മിനൂൻ* 12-16 സൂക്തങ്ങളിൽ മനുഷ്യസൃഷ്ടി കടന്നുപോകുന്ന ഘട്ടങ്ങൾ വിശദമായി പരാമർശിക്കുന്നുണ്ട്. അതേ വിഷയം മറ്റൊരു ശൈലിയിൽ സംഗ്രഹിക്കുകയാണ് ഈ സൂക്തം. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ഇവിടെ ഇക്കാര്യം അനുസ്മരിക്കുന്നതിന്റെ താൽപര്യമിതാണ്: സ്വന്തം ശക്തിയെയും യോഗ്യതകളെയും സൗകര്യങ്ങളെയും സാമഗ്രികളെയും കുറിച്ചൊന്നും ആരും അഹങ്കരിക്കേണ്ടതില്ല. എല്ലാം അല്ലാഹു തന്നതുകൊണ്ടു മാത്രം കിട്ടിയതാണ്. പിന്നീട് എല്ലാം അവങ്കലേക്കുതന്നെ തിരിച്ചുപോവുകയും ചെയ്യും. മനുഷ്യൻ സ്വന്തം അസ്തിത്വത്തെക്കുറിച്ചു മാത്രം ഒന്ന് ആലോചിച്ചുനോക്കട്ടെ. അങ്ങേയറ്റം ദുർബലമായ ഒരവസ്ഥയിൽനിന്നാണ് അല്ലാഹു നിങ്ങൾക്ക് അസ്തിത്വമേകിയത്. ആ ദുർബലാവസ്ഥക്കു ശേഷം അവൻ നിങ്ങൾക്കു കരുത്തും പലവക കഴിവുകളുമേകി. പിന്നീട് വാർധക്യത്തിലെത്തിച്ച് പഴയ അവശാവസ്ഥയിലേക്ക് മടക്കുന്നു. ഒരാൾക്കും തനിക്ക് ലഭിച്ച ബാല്യമോ കൗമാരമോ യൗവനമോ എന്നും നിലനിർത്താനാവില്ല. ആദ്യം നിർജീവമായ മണ്ണിൽനിന്നും പിന്നെ തീരെ ലഘുവും ബലഹീനവുമായ ബീജത്തിൽനിന്നും മനുഷ്യനെ സൃഷ്ടിച്ച് കരുത്തും കഴിവുമുള്ളവനാക്കുന്നതും പിന്നെ വാർധക്യത്തിന്റെ അവശതയിലേക്ക് തള്ളുന്നതും അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ പ്രത്യക്ഷ ദൃഷ്ടാന്തമാകുന്നു. ഈ അല്ലാഹുവിന് നിങ്ങൾ മരിച്ച ശേഷം ഉയിർത്തെഴുന്നേൽപിക്കാൻ ആരുടെയും സമ്മതവും സഹായവും വേണ്ട. മൂലത്തിലെ ضَعْف-ന് ضُعْف എന്നും പാഠമുണ്ട്. രണ്ടിന്റെയും അർഥം ഒന്നുതന്നെ. قُوَّة (ശക്തി)-ന്റെ വിപരീതമാണീ പദം. مِّن ضَعْفٍ എന്നതിലെ مِّن ആരംഭത്തെ സൂചിപ്പിക്കുന്ന ശബ്ദമാണ്. അല്ലാഹു നിങ്ങളെ സൃഷ്ടിച്ചു തുടങ്ങിയത് നിങ്ങൾ ഇന്നത്തെപ്പോലെ കരുത്തും കഴിവും ഉള്ളവരായിത്തീരുമെന്ന് പ്രതീക്ഷിക്കാനാവാത്തത്ര നിസ്സാരവും ദുർബലവുമായ പദാർഥാവസ്ഥയിൽനിന്നാണ് എന്നർഥം. شَيْبَة- ഭാഷയിൽ മുടിയുടെ നരയാണ്. ശരീരത്തിന്റെ ശക്തിക്ഷയത്തെക്കുറിച്ചുള്ള അടയാളമെന്ന നിലയിൽ അവശ

വാർധക്യ(هَرِم)നും شَيْبَة ഉപയോഗിക്കും. മുടി നരക്കുന്ന വരൊക്കെ വൃദ്ധരാവണമെന്നില്ല. അപൂർവമായെങ്കിലും യുവാക്കളും നരക്കാറുണ്ട്. യൗവനത്തിൽ മുടി വെളു ക്കുന്നത് ശക്തിക്ഷയത്തിന്റെ അടയാളമാകണമെന്നില്ല. വാസ്തവത്തിൽ മുടിയുടെ വെളുപ്പ് ഒരു നിറമല്ല; നിറ ങ്ങളുടെ അഭാവമാണ്. പ്രായമേറുമ്പോൾ മനുഷ്യന്റെ മ റ്റെല്ലാ ആന്തരാവയവങ്ങളെ പോലെ മുടിക്ക് കറുപ്പു നിറം നൽകുന്ന ഗ്രന്ഥികളും ക്ഷീണിക്കുന്നു. ആ ക്ഷയത്തിന്റെ തോതനുസരിച്ച് മുടി നിറമില്ലാതെ വളർന്നു തുടങ്ങുന്നു. സൂക്ഷ്മമായ കുഴലുകളാണ് മുടി. സോപ്പിന്റെയും സുഗ ന്ധ ദ്രവ്യങ്ങളുടെയും ഉപയോഗം ഈ കുഴലുകളിലൂടെ രാസപദാർഥങ്ങൾ അകത്തു കടക്കാൻ അവസരമൊരുക്കു കയും -ക്ഷൗരം ചെയ്യുമ്പോൾ വിശേഷിച്ചും- അത് നിറം ഉൽപാദിപ്പിക്കുന്ന ഗ്രന്ഥികളുടെ ക്ഷയത്തിന് ആക്കം കൂ ട്ടുകയും ചെയ്യും.

മനുഷ്യജീവിതം ബീജാവസ്ഥ മുതൽ ജനനം വരെയും ജനനം മുതൽ മരണം വരെയും ഇങ്ങനെ പലപല പരിണാ മങ്ങൾ പിന്നിടുന്നു. ഓരോ ജീവിതാവസ്ഥയുടെയും അന്ത്യം ആ അവസ്ഥയുടെ മരണവും പുതിയൊരവസ്ഥയിലേക്കുള്ള പുനർജന്മവുമാകുന്നു. ഉദ്ദേശിക്കുന്ന ഏതുരീതിയിലും സൃഷ്ടിക്കാനും സൃഷ്ടികളെ കൈകാര്യം ചെയ്യാനും അ റിവും കഴിവും അധികാരവുമുള്ളവനാണ് അല്ലാഹു. ●

---

وَيَوْمَ تَقُومُ السَّاعَةُ يُقْسِمُ الْمُجْرِمُونَ مَا لَبِثُوا غَيْرَ سَاعَةٍ كَذَٰلِكَ كَانُوا يُؤْفَكُونَ ﴿٥٥﴾

55. ഉയിർത്തെഴുന്നേൽപു നിലവിൽവരുന്ന നാളിൽ കുറ്റ വാളികൾ സത്യം ചെയ്തു പറയും; അവർ ഒരു നാഴിക നേരം മാത്രമേ ഭൂമിയിൽ വസിച്ചിട്ടുള്ളൂ എന്ന്. ഈവി ധം അവർ ഭൗതിക ലോകത്തും യാഥാർഥ്യത്തിൽനിന്ന് തെറ്റിക്കപ്പെടുകയായിരുന്നു.

**55**

وَيَوْمَ تَقُومُ السَّاعَةُ= ആ സമയം (ഉയിർത്തെഴുന്നേൽപ്) നിലവിൽ വരുന്ന നാളിൽ

يُقْسِمُ الْمُجْرِمُونَ= കുറ്റവാളികൾ സത്യം ചെയ്യും (ചെയ്തു പറയും) مَا لَبِثُوا = അവർ (ഭൂമിയിൽ) വസിച്ചിട്ടില്ലെന്ന്

غَيْرَ سَاعَةٍ= ഒരു നാഴിക നേരമൊഴിച്ച് (നേരം മാത്രമേ) كَذَٰلِكَ = ഈ വിധം (തന്നെ)

كَانُوا يُؤْفَكُونَ= (അവർ ഭൗതിക ലോകത്തും യാഥാർഥ്യത്തിൽനിന്ന്) തെറ്റിക്കപ്പെടുകയായിരുന്നു

പരിണാമാത്മക ജനനമരണങ്ങൾ സമയമെടുത്ത് സാ വകാശം നടക്കുന്നതു കണ്ട് ജീവിതം സുദീർഘമാ ണെന്നു കരുതേണ്ട. പൂർണ മരണം ഏതു നിമിഷവും നട ക്കാം. ഒറ്റയടിക്കാണത് നടക്കുക. ഇത് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നതാണല്ലോ. അതുപോലെ ഉയിർത്തെ ഴുന്നേൽപ്പും ഒറ്റയടിക്കാണ് നടക്കുക. فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ فَإِذَا هُم بِالسَّاهِرَةِ (അത് ഒരൊറ്റ ഗർജനം മാത്രമാകുന്നു. ഉടനെയതാ അവരൊക്കെയും ഒരു തുറന്ന മൈതാനത്ത് ഹാജരായിരിക്കും- 79:13,14). ഭൂമിയിൽ എത്ര വർഷം ജീവിച്ചു - كَمْ لَبِثْتُمْ فِي الْأَرْضِ عَدَدَ سِنِينَ - എന്നു ചോദി ച്ചാൽ മറുപടി لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ (ഒരു ദിവസം, അല്ലെങ്കിൽ ഒരു ദിവസത്തിന്റെ കുറച്ചുഭാഗം ഭൂമിയിൽ വസിച്ചു- 23:112,113) എന്നായിരിക്കും. പെട്ടെന്ന് ഉയിർത്തെഴുന്നേൽപ് സംഭവി ക്കുമ്പോൾ പാപികൾ ഒരു ساعة അല്ലാതെ ഭൂമിയിൽ വസി ച്ചിട്ടില്ല എന്ന് സത്യം ചെയ്തു പറയുമെന്നാണ് ഇവിടെ പ്രസ്താവിക്കുന്നത്. ക്ലോക്ക്, മണിക്കൂർ, രണ്ടര നാഴിക നേരം എന്നെല്ലാം ساعة-ന് അർഥമുണ്ട്. ഏതാനും നാഴിക നേരം അല്ലെങ്കിൽ ഒരു ദിവസത്തിന്റെ ഒരു ഭാഗം എന്നാണ് ഉദ്ദേശ്യം. പെട്ടെന്ന് സംഭവിക്കുന്ന ഉയിർത്തെഴുന്നേൽപ് എന്ന അർഥത്തിലാണ് ഖുർആൻ السّاعة ഉപയോഗിക്കാറു ള്ളത്. പരലോകത്ത് പുനരുജ്ജീവിപ്പിക്കപ്പെടുമ്പോൾ ഭൗമ ജീവിതം ഇത്രമാത്രം ഹ്രസ്വമായിരുന്നുവെന്ന് തോന്നുന്ന തിന്റെ കാരണം *ഖുർആൻ ബോധനം* 10:45, 17:52, 23:112,113 തുടങ്ങിയ സൂക്തങ്ങൾക്കു താഴെ ചർച്ച ചെയ്തിരിക്കുന്നു. ഉയിർത്തെഴുന്നേൽപും പരലോകവും ഉണ്ടെങ്കിൽ തന്നെ അത് സംഭവിക്കാൻ ജീവിതം, മരണം, ബർസഖ്, ലോകാവ സാനം, പുനരുജ്ജീവനം എന്നിങ്ങനെ സുദീർഘമായ അ നേകം ഘട്ടങ്ങൾ പിന്നിടേണ്ടതുണ്ടല്ലോ എന്ന വിചാരത്തി ലാണ് പലരും ഖിയാമത്തിനെ അലംഭാവത്തോടെ കാണുന്നത്. ഇപ്പോൾ അത് പേടിച്ച് മുന്നിലുള്ള ജീവിതം കലുഷമാക്കേണ്ട കാര്യമില്ല. കൈയിലുള്ള ജീവിതം കഴി യുന്നത്ര ആസ്വദിക്കുക. വരാനുള്ള ജീവിതം വന്നു കഴിയു മ്പോൾ നോക്കാം. ഇതാണവരുടെ നിലപാട്. പക്ഷേ, ഉയിർ ത്തെഴുന്നേൽപിക്കപ്പെടുമ്പോൾ അവർ ഉറച്ചു വിശ്വസിക്കുക, തങ്ങൾ മരിച്ച് ഏതാനും നാഴിക നേരം പിന്നിട്ടപ്പോഴേക്കും പുനർജീവിച്ചിരിക്കുന്നുവെന്നാണ്. ഭൗമജീവിതത്തിൽ സു ദീർഘമായി തോന്നുകയും വീണ്ടുവിചാരമില്ലാതെ ആസ്വ ദിക്കുകയും ചെയ്ത അവസ്ഥാന്തരങ്ങളെല്ലാം ഒരു മിന്നായം പോലെ കടന്നുപോയതായി തോന്നുന്നു. ഈ വിചാരഭ്രംശ ത്തെയാണ് كَذَٰلِكَ كَانُوا يُؤْفَكُونَ എന്ന വാക്യം സൂചിപ്പിക്കുന്നത്. അതായത് ഭൗതിക ലോകത്തായിരുന്നപ്പോൾ ഉയിർത്തെഴു ന്നേൽപ് അതിവിദൂരകാലത്ത് എന്നോ സംഭവിക്കാവുന്നതായി കണ്ടിരുന്ന അവർ ഭൗതികജീവിതം ഒരു നാഴികനേരം മാത്രം നീണ്ടുനിന്നതായിരുന്നുവെന്നും പെട്ടെന്നിതാ ഉയിർത്തെഴു ന്നേൽപ് സംഭവിച്ചിരിക്കുന്നുവെന്നും ഭ്രമിച്ചുപോകുന്നു. ●